ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഭവനരഹിതർ

146(354) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എത്ര ഭവനരഹിതർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അവരുടെ കണക്ക് വ്യക്തമാക്കുമോ ;

(ബി) മണ്ഡലത്തിലെ ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനായി എതെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകിയവരുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	ഗുണഭോക്താക്കളുടെ എണ്ണം
അമ്പലപ്പാറ	51
അനങ്ങാനടി	25
ചളവറ	13
ലക്കിടി-പേരൂർ	68
വാണിയംകുളം	153
തൃക്കടീരി	169
മണ്ണൂർ	77
ആകെ	556

ഒറ്റപ്പാലം നഗരസഭയിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 606 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

(ബി) ഇ.എം.എസ്. ഭവന പദ്ധതിയ്ക്കു പുറമേ കേന്ദ്രാവിഷ്കൃതപദ്ധതികളായ ഇന്ദിര ആവാസ് യോജന, ചേരിനിർമ്മാർജ്ജന പദ്ധതി തുടങ്ങിയ കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ സംസ്ഥാന പദ്ധതികളായ എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി, കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പദ്ധതികൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly